പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1310 30/01/2018-ൽ മറുപടിക്ക്

## എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക/അദ്ധ്യാപകേതര നിയമനം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ഇ.കെ. വിജയൻ: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക/അദ്ധ്യാപകേതര നിയമനം പി.എസ്.സി ക്ക് വിടാൻ ആലോചനയുണ്ടോ; | (എ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക/ അദ്ധ്യാപകേതര നിയമനങ്ങൾ പി.എസ്.സി ക്ക് വിടുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) നിലവിൽ എത്ര എയ്ഡഡ് സ്കൂൾ അദ്ധ്യാപകർ ഡിവിഷൻ ഫാൾ ആയി സർക്കാർ സ്കൂളുകളിൽ പ്രൊട്ടക്ഷൻ ആയി ജോലി ചെയ്തു വരുന്നു എന്ന് വിശദമാക്കുമോ; | (ബി) എയ്ഡഡ് സ്കൂളുകളിൽ ഡിവിഷൻ ഫാൾ മൂലം തസ്തിക നഷ്ടമായ 1304 അദ്ധ്യാപകർ ഇപ്പോൾ സർക്കാർ സ്കൂളുകളിൽ താൽക്കാലികമായി പുനർ വിന്യസിക്കപ്പെട്ടിട്ടുണ്ട്. പി.എസ്.സി ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിലെ ഒഴിവുകളിലും പി.എസ്.സി വഴി നികത്തേണ്ടതില്ലാത്ത താൽക്കാലിക ഒഴിവുകളിലുമാണ് ഇവരെ പുനർ വിന്യസിച്ചിരിക്കുന്നത്. പ്രസ്തുത വിഷയത്തിൽ പി.എസ്.സി ലിസ്റ്റ് വരുന്ന മുറയ്ക്ക് ഇവരെ സർക്കാർ സ്കൂളുകളിൽ നിന്ന് പിൻവലിക്കുന്നതാണ്. |
| (സി) കോഴിക്കോട് ജില്ലയിൽ എത്ര സ്കൂളുകൾ കുട്ടികൾ ഇല്ലാത്തതിനാൽ ഈ വർഷം അടച്ച് പൂട്ടിയിട്ടുണ്ട്; സർക്കാർ, എയ്ഡഡ് എന്നിവ തരംതിരിച്ച് നൽകാമോ?. | (സി) കോഴിക്കോട് ജില്ലയിൽ ആവശ്യത്തിന് കുട്ടികൾ ഇല്ലാത്തതിനാൽ അടച്ചു പൂട്ടിയ സ്കൂളുകൾ സർക്കാർ മേഖലയിൽ ഒന്നും തന്നെയില്ല. എയ്ഡഡ് മേഖലയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എൻ.എസ്2/72640/16/ഡിപിഐ തീയതി 01/07/2017 നമ്പർ കത്ത് പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വെള്ളൂർ നോർത്ത് എ.എൽ.പി. സ്കൂൾ അടച്ചുപൂട്ടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ